# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക്റിലേഷൻസ്ഓഫീസറുടെകാര്യാലയം**

പ്രിയദർശിനിഹിൽസ്പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 സെപ്റ്റംബർ 24

# വാർത്താക്കുറിപ്പ്

## നാനോ സയൻസിലെ മികവ്; പ്രൊഫ. സാബു തോമസിന് അന്താരാഷ്ട്ര പുരസ്കാരം

നാനോ സയൻസിലെ നൂതന കണ്ടുപിടുത്തങ്ങൾക്കും പോളിമർ രസതന്ത്രത്തിൽ നൽകിയ സംഭാവനകൾ പരിഗണിച്ചും മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന് അന്താരാഷ്ട്ര പുരസ്കാരം. സ്വീഡനിലെ ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് അഡ്വാൻസ്ഡ് മെറ്റീരിയൽസിന്റെ (ഐ.എ.എം.എം.) മികവിനുള്ള പുരസ്കാരവും ഹോണറർ ഫെലോ പദവിയുമാണ് ലഭിച്ചത്. നൂതനമായ നാനോ വസ്തുക്കൾ നിർമിക്കുന്നതിലെ സംഭാവനകളും പോളിമർ സയൻസിന്റെ സമഗ്ര സംഭാവനയും പരിഗണിച്ചാണ് പുരസ്കാരം.

പോളിമർ സയൻസ്, നാനോ സയൻസ്, നാനോ ടെക്നോളജിയിൽ മികച്ച സംഭാവനകൾ നൽകിയിട്ടുള്ള പ്രൊഫ. സാബു തോമസിന്റെ ഗവേഷണ പ്രബന്ധമികവ് അളക്കുന്ന ഘ്ളഗിൾ എച്ച് ഇൻഡക്സ് സ്കോർ 101 ആണ്. ഇതു വരെ 107 പേർ അദ്ദേഹത്തിന്റെ കീഴിൽ പിഎച്ച്.ഡി. ചെയ്തിട്ടുണ്ട്.

സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ പ്രൊഫസറായ ഡോ. സാബു തോമസ് 125ലധികം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. രാജ്യാന്തര ജേർണലുകളിൽ ആയിരത്തിലധികം പബ്ലിക്കേഷനുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് നിലവിൽ 48000 തവണ ഗവേഷണ പ്രബന്ധങ്ങളിലും മറ്റും അവലംബ വിധേയമായിട്ടുണ്ട്. ഇന്റർനാഷണൽ അക്കാദമി ഓഫ് ഫിസിക്കൽ സയൻസസ്, യൂറോപ്യൻ അക്കാദമി ഓഫ് സയൻസസ് എന്നിവയിൽ അംഗത്വം നേടിയ പ്രൊഫ. സാബു തോമസിനെ പോളിമർ സയൻസ്, നാനോ സയൻസ്, നാനോ ടെക്നോളജി എന്നിവയിലെ മികച്ച അക്കാദമിക സംഭാവനകൾ വിലയിരുത്തി ലൊറൈൻ സർവകലാശാല 'പ്രൊഫസർ അറ്റ് ലൊറൈൻ' പദവി നൽകി ആദരിച്ചിരുന്നു.

മിശ്രസംയുക്ത പദാർത്ഥങ്ങളുടെ മേഖലയിലെ മികച്ച സംഭാവനകൾക്ക് 2017ൽ ലൊറൈൻ സർവകലാശാലയും 2015ൽ സൗത്ത് ബ്രിട്ട്നി സർവകലാശാലയും 'ഡോക്ടർ ഹൊണോറിസ് കോസ' പദവി നൽകി. 2019ലെ സി.എൻ.ആർ. റാവു പ്രൈസ് ലക്ചർ പുരസ്കാരവും 2018ലെ മികച്ച അക്കാദമീഷ്യനുള്ള 'ട്രില' പുരസ്കാരവും ലഭിച്ചു. ലണ്ടൻ റോയൽ സൊസൈറ്റി ഓഫ് കെമിസ്ട്രിയുടെ ഫെല്ലോഷിപ്പും സ്ലോവേനിയ ജോസഫ് സ്റ്റീഫൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡിസ്റ്റിംഗ്വിഷ്ഡ് പ്രൊഫസർഷിപ്പും നേടിയിട്ടുണ്ട്. 2016ലെ മികച്ച അധ്യാപകനുള്ള ഡോ. എ.പി.ജെ. അബ്ദുൾകലാം അവാർഡും 2017ലെ ഇന്ത്യൻ നാനോ ബയോളജിസ്റ്റ് അവാർഡും 2017ലെ നാഷണൽ എജ്യൂക്കേഷൻ ലീഡർഷിപ്പ് അവാർഡും കരസ്ഥമാക്കിയിട്ടുണ്ട്. ലോകത്തെ മികച്ച ശാസ്ത്രജ്ഞരെ കണ്ടെത്തുന്നതിനായി റഷ്യൻ സർക്കാർ നടത്തിയ മത്സരത്തിൽ ആറാം സ്ഥാനം നേടിയിരുന്നു.

പോളിമർ നാനോ കോമ്പോസിറ്റ്സ്, ബ്ലെൻഡ്സ്, ഗ്രീൻ ബയോ നാനോ ടെക്നോളജി, നാനോ ബയോമെഡിക്കൽ സയൻസ് എന്നീ മേഖലകളിൽ മികച്ച കണ്ടുപിടുത്തങ്ങൾ ഇദ്ദേഹത്തിന്റേതായിട്ടുണ്ട്. അഞ്ച് പേറ്റന്റുകൾ സ്വന്തമായുണ്ട്.

## ഫോട്ടോ ക്യാപ്ഷൻ

പ്രൊഫ. സാബു തോമസ്

(പി.ആർ.ഒ/39/914/2020)

## പി.ജി. പ്രവേശനം; അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യാം

മഹാത്മാഗാന്ധി സർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിലെയും ഇന്റർ സ്കൂൾ സെന്ററിലെയും പി.ജി. പ്രോഗ്രാമുകളിലെ പ്രവേശനത്തിനായി ഒക്ടോബർ ആറ്, ഏഴ് ദിവസങ്ങളിൽ നടക്കുന്ന പരീക്ഷയുടെ അഡ്മിറ്റ് കാർഡ് www.cat.mgu.ac.in എന്ന വെബ് സൈറ്റിൽ നിന്നും ഇന്നുമുതൽ (സെപ്റ്റംബർ 25) ഡൗൺലോഡ് ചെയ്യാം. കോവിഡ് 19 പ്രതിരോധ മാനദണ്ഡങ്ങൾ പാലിക്കുന്നതോടൊപ്പം മാസ്ക്, കൈയ്യുറകൾ എന്നിവ ധരിച്ചുവേണം പരീക്ഷയ്ക്ക് ഹാജരാകേണ്ടത്. അഡ്മിറ്റ് കാർഡിനൊപ്പം ചേർത്തിരിക്കുന്ന മെഡിക്കൽ സെൽഫ് ഡിക്ലറേഷൻ ഫോം പരീക്ഷയെഴുതുന്ന എല്ലാവരും ഹാജരാക്കണം. ഓപ്പൺ ഓൾ ഇന്ത്യ ക്വാട്ടയിലുള്ള പി.ജി. പ്രവേശനം യോഗ്യത പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. വിശദവിവരത്തിന് ഇമെയിൽ: cat@mgu.ac.in, ഫോൺ: 0481-2733595.

(പി.ആർ.ഒ/39/915/2020)

## പരീക്ഷഫലം

2020 ജൂണിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടന്ന ആറാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം/4 പി.എം.-9 പി.എം. - റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ എട്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/916/2020)

2019 ഡിസംബറിൽ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.പി.ഇ.എസ്. (2019-21 ബാച്ച് - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/917/2020)

## പൂർണമായും ഓൺലൈൻ സംവിധാനത്തിൽ പരീക്ഷ നടത്തി എം.ജി. സർവകലാശാല

മഹാത്മാഗാന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട്ടേം പ്രോഗ്രാംസിലെ (ഡി.എ.എസ്.പി.) വിദ്യാർഥികൾക്കായി പൂർണമായും ഓൺലൈൻ സംവിധാനത്തിലധിഷ്ഠിതമായ പരീക്ഷനടത്തി എം.ജി. സർവകലാശാല.

അധ്യയനത്തിലും അധ്യാപന-മൂല്യനിർണയ പ്രക്രിയയിലും വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പൂർണമായും ഉപയോഗപ്പെടുത്തുന്നതിനായി വികസിപ്പിച്ച ഓട്ടോമേറ്റഡ് ലേണിംഗ് ആന്റ് ഇവാല്യുവേഷൻ മാനേജ്മെന്റ് സിസ്റ്റം വഴിയാണ് ഓൺലൈൻ പരീക്ഷ സാധ്യമാക്കിയത്. ലാപ്ടോപ്പ് വഴി വീട്ടിലിരുന്നും പരീക്ഷയെഴുതുവാൻ സാധിക്കുന്നവിധമാണ് ഈ സംവിധാനം. പരീക്ഷസമയത്ത് വിദ്യാർഥി വെബ്കാമറ നിരീക്ഷണത്തിലായിരിക്കും. സ്വന്തമായി കമ്പ്യൂട്ടർ/ലാപ്ടോപ്പ് ഇല്ലാത്ത വിദ്യാർഥികൾക്ക് സർവകലാശാല കാമ്പസിൽ സജ്ജീകരിക്കുന്ന ഓൺലൈൻ പരീക്ഷകേന്ദ്രത്തിൽ പരീക്ഷയെഴുതാനുള്ള സൗകര്യവും ഒരുക്കുന്നുണ്ട്. പരമ്പരാഗത പരീക്ഷസമ്പ്രദായത്തിൽ നിന്നും വിഭിന്നമായി പരീക്ഷ നടത്തിപ്പ് മുതൽ മൂല്യനിർണയം വരെ എല്ലാ പ്രക്രിയകളും അനായാസവും സുരക്ഷിതവുമാക്കുന്നുവെന്നതാണ് ഈ സംവിധാനത്തിന്റെ പ്രത്യേകത.

ബ്ലൂംസ് ടാക്സോണമി മാനദണ്ഡമാക്കി ശേഖരിച്ചിട്ടുള്ള ചോദ്യങ്ങളുപയോഗിച്ച് സിസ്റ്റം രൂപപ്പെടുത്തുന്ന ചോദ്യാവലി ഓരോ വിദ്യാർഥികൾക്കും ഓരോ ക്രമത്തിലാണ് നൽകുന്നത്. വിദ്യാർഥികൾക്ക് എവിടെയിരുന്നും പരീക്ഷയെഴുതാം. എല്ലാ പരീക്ഷകളും അവസാനിച്ചതിനുശേഷം ഉടനടി ഫലവും പ്രസിദ്ധീകരിക്കും.

കോപ്പിയടി പോലുള്ള ക്രമക്കേടുകൾ തടയുന്നതിനായി പരീക്ഷയെഴുതുന്നവരെ ഒരു വെബ്കാമറയുടെ നിരീക്ഷണത്തിലാക്കുന്ന റിമോട്ട് പ്രൊക്ടറിംഗ് സംവിധാനവും പരീക്ഷസമയത്ത് കമ്പ്യൂട്ടറിൽ മറ്റ് ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നതിനെ തടയുന്ന ഓട്ടോ സ്വിച്ച് ഓഫ് സംവിധാനവും

ഇതിൽ സജ്ജീകരിച്ചിട്ടുണ്ട്. യഥാർഥ പരീക്ഷാർഥിയെ തിരിച്ചറിയാൻ ഫോട്ടോ വേരിഫിക്കേഷൻ തുടങ്ങിയ സുരക്ഷാമുൻകരുതലുകളുമുണ്ട്.

പരീക്ഷയ്ക്കായി വിവിധ കേന്ദ്രങ്ങൾ ക്രമീകരിക്കുക, ഇൻവിജിലേറ്റർമാരെ നിയോഗിക്കുക തുടങ്ങിയ നിരവധി കാര്യങ്ങൾ ഇതിലൂടെ ഒഴിവാക്കി പണവും സമയവും ലാഭിക്കുവാൻ ഈ സംവിധാനത്തിലൂടെ സാധിക്കും.

ഡി.എ.എസ്.പി.ക്കുവേണ്ടി ഓൺലൈൻ പരീക്ഷസംവിധാനം വികസിപ്പിച്ചത് സർവകലാശാലയിലെ ഐ.ടി. വിഭാഗത്തിന്റെ സഹകരണത്തോടെ കെഫിടെക് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കേരളാ സ്റ്റാർട്ടപ്പ് മിഷനു കീഴിലുള്ള കമ്പനിയാണ്. അവശേഷിക്കുന്ന മുപ്പതോളം പരീക്ഷകൾ ഓൺലൈൻ സംവിധാനത്തിലൂടെ രണ്ടാഴ്ചയ്ക്കുള്ളിൽ പൂർത്തിയാകുമെന്ന് ഡയറക്ടർ ഡോ. റോബിനറ്റ് ജേക്കബ് അറിയിച്ചു.

കോവിഡ് 19 എന്ന മഹാമാരി ഉന്നതവിദ്യാഭ്യാസമേഖലയ്ക്ക് ഒരു പ്രഹരമാണെങ്കിലും സർവകലാശാലകൾക്ക് നവീന മാതൃകകളെപ്പറ്റി ചിന്തിക്കാൻ അവസരം തുറന്നിടുന്നുണ്ട്. ഡി.എ.എസ്.പി.-എ.എൽ.ഇ.എം.എസ്. ഈ ദിശയിലുള്ള ശ്ലാഘനീയമായ ഒരു കാൽവെയ്പാണെന്ന് വൈസ് ചാൻസിലർ പ്രൊഫ. സാബു തോമസ് പറഞ്ഞു.

(പി.ആർ.ഒ/39/918/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ